*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshvj@gmail.com

215th Issue - Volume 5, No.47 **ജാഗ്രത** 17th December 2011

**" കർത്താവായ രക്ഷകനുമായ യേശുക്രിസ്തുവിന്റെ കൃപയിലും അവനെക്കുറിച്ചുള്ള അറിവിലും നിങ്ങൾ വളരുവിൻ. അവന് ഇപ്പോഴും എന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ. "**

**(പത്രോസ് 3:18)**



St. Lucy

## പ്രധാന വാർത്തകൾ

തൃശൂരിന്റെ പുരോഗതിക്ക് നിർണായക നേതൃത്വംനൽകിയതു ക്രൈസ്തവർ: മാർ ആൻഡ്രൂസ് താഴത്ത്

-------------------------------------------

ദമ്പതികൾ ദൈവത്തിന്റെ പേടകങ്ങളായി മാറണം: ഡോ.ഫ്രാൻസിസ് കല്ലറയ്ക്കൽ

-------------------------------------------

അനുരഞ്ജനത്തിലൂടെ പരിഹാരം കാണണം: ഡോ. ജോസഫ് കാരിക്കശേരി

-------------------------------------------

ജീവിത വിജയത്തിനാധാരം വ്യക്തമായകാഴ്ചപ്പാടുകൾ: ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ

-------------------------------------------

ക്രിസ്തീയ മൂല്യങ്ങൾക്ക് സാക്ഷ്യം നൽകുവാൻയുവജനങ്ങൾ തയാറാകണം: മാർ പോളി കണ്ണൂക്കാടൻ

-------------------------------------------

ദൈവവചനം മനസുകളെ രൂപാന്തരപ്പെടുത്തണം: മാർ ജോസഫ് പവ്വത്തിൽ

-------------------------------------------

സഭകളുടെ ഐക്യം എല്ലാ സഭാമക്കളുടെയും ആഗ്രഹം: മാർ ജോർജ് ആലഞ്ചേരി

-------------------------------------------

റവ.ഡോ.സ്റ്റീഫൻ ആലത്തറ കെസിബിസി ഡെപ്യൂട്ടിസെക്രട്ടറിയായി തുടരും

## ജാഗ്രതാ വാർത്ത

ഹൃദ്രോഗം എങ്ങനെ പ്രതിരോധിക്കാം

- - - - - - - - - - - - - - - - - - - - - - - - -

## ചരിത്ര ജാഗ്രത

ആവിലായിലെ വിശുദ്ധഅമ്മത്രേസ്യാ

- - - - - - - - - - - - - - - - - - - - - - - - -

## വാരാന്ത്യവീക്ഷണം

മദ്ധ്യപർവ്വദേശങ്ങളുലെ ക്രൈസ്തവർ ഉന്മൂലനം ചെയ്യപ്പെടുമ്പോൾ

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Josey Ponnambal MSFS

## തൃശൂരിന്റെ പുരോഗതിക്ക് നിർണായക നേതൃത്വംനൽകിയതു ക്രൈസ്തവർ: മാർ ആൻഡ്രൂസ് താഴത്ത്



തൃശൂരിന്റെ വ്യാപാര, വിദ്യാഭ്യാസ, സാംസ്കാരിക പുരോഗതിക്കു നിർണായക നേതൃത്വം നൽകിയതു ക്രൈസ്തവരാണെന്നു കെസിബിസി പ്രസിഡന്റ് ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. സീറോമലബാർ സഭ അല്മായ കമ്മീഷൻ ചരിത്ര ഗവേഷണവേദിയുടെ ആഭിമുഖ്യത്തിൽ അതിരൂപതയുടെ 125-ാം വർഷ ജൂബിലിയുടെ ഭാഗമായി നടത്തിയ ചരിത്ര സെമിനാർ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മാർ താഴത്ത്. തൃശൂരിന്റെ പ്രഥമ മെത്രാനായ അഡോൾഫ് മെഡ്‌ലിക്കോട്ട് ആദ്യമുൻഗണന നൽകി കോളജും പെൺപള്ളിക്കൂടങ്ങളുമാണ് സ്ഥാപിച്ചതെന്ന് മാർ താഴത്ത് ഓർമിച്ചു.

## ദമ്പതികൾ ദൈവത്തിന്റെ പേടകങ്ങളായി മാറണം: ഡോ.ഫ്രാൻസിസ് കല്ലറയ്ക്കൽ



ദൈവത്തിന്റെ പേടകങ്ങളായി ദമ്പതികൾ മാറണമെന്ന് വരാപ്പുഴ ആർച്ച് ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ. വിവാഹജീവിതത്തിൽ രജതജൂബിലിയും സുവർണ ജൂബിലിയും പിന്നിട്ടവരെ വരാപ്പുഴ അതിരൂപത ആദരിക്കുന്ന ചടങ്ങായ ജൂബിലി ദമ്പതീസംഗമം എറണാകുളം ഇൻഫന്റ് ജീസസ് പള്ളി പാരിഷ് ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിങ്ങളാകുന്ന പേടകത്തിൽ ദൈവാനുഗ്രവും പ്രകാശവും നിറഞ്ഞു നില്ക്കും. ദാമ്പത്യജീവിതമെന്നത് സുഖകരമായ ഒരു കായൽ യാത്രയല്ല. കാറ്റും കോളും എപ്പോഴെങ്കിലും അനുഭവപ്പെടുന്ന ഈ സമുദ്രയാത്രയിൽ വിശ്വാസത്തിൽ മുറുകെ പിടിക്കുന്നവരാണ് രക്ഷപ്രാപിക്കുക. ക്രൈസ്തവ മൂല്യങ്ങളുമായി മുന്നോട്ടു പോകാൻ ഇതു സഹായകരമാകും. ദൈവത്തിലേക്കും സഭയിലേക്കും സ്വന്തം മക്കളേയും മറ്റുള്ളവരേയും അടുപ്പിക്കാൻ മാതൃകാദമ്പതികൾക്കേ സാധിക്കൂ.ആധുനികലോകത്തിൽ സമൂഹങ്ങളുടെ തകർച്ച വ്യാപകമാണ്. സാമൂഹ്യവ്യവസ്ഥിതിയുടെ അടിത്തറയായ കുടുംബങ്ങളുടെ ശൈഥില്യമാണ് ഇതിനു കാരണമാകുന്നത്. ദാമ്പത്യബന്ധങ്ങളിലെ പ്രശ്നങ്ങൾ സാധാരണമാണ്. പക്ഷേ അതു പരിഹരിച്ച് മുന്നോട്ടു പോകാൻ ശ്രമിക്കുമ്പോഴാണ് ജീവിതത്തിന് അർത്ഥമുണ്ടാകുകയുള്ളു. മക്കൾ വളർന്നു വലുതായാലും അവരോടുള്ള സമീപനം സ്നേഹപൂർവമായിരിക്കണമെന്നും ബിഷപ് വ്യക്തമാക്കി.

## അനുരഞ്ജനത്തിലൂടെ പരിഹാരം കാണണം:ഡോ. ജോസഫ് കാരിക്കശേരി



അനുരഞ്ജനത്തിന്റെ പാതയിലൂടെ മുല്ലപ്പെരിയാർ പ്രശ്നം രമ്യമായി പരിഹരിക്കാൻ അധികാരികൾ തയാറാകണമെന്നു കോട്ടപ്പുറം ബിഷപ് ഡോ. ജോസഫ് കാരിക്കശേരി ആവശ്യപ്പെട്ടു. കെസിവൈഎം കോട്ടപ്പുറം രൂപത സമിതി സംഘടിപ്പിച്ച 24 മണിക്കൂർ ഉപവാസ പ്രാർഥനായജ്ഞത്തിൽ പങ്കെടുത്ത് പ്രസംഗിക്കുകയായിരുന്നു ബിഷപ്. കെഎൽസിഎ മുൻ സംസ്ഥാന പ്രസിഡന്റ് അഡ്വ. റാഫേൽ ആന്റണി ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ആൻസൻ ജോസഫ് അധ്യക്ഷത വഹിച്ചു.

## ജീവിത വിജയത്തിനാധാരം വ്യക്തമായ കാഴ്ചപ്പാടുകൾ: ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ



ഓരോ വ്യക്തിയുടെയും ജീവിത വിജയത്തിന്റെ അടിസ്ഥാന ശിലകൾ മനോഭാവവും കഴിവും അറിവുമാണെങ്കിലും മനോഭാവം രൂപപ്പെടുത്തി ലക്ഷ്യത്തിലേക്കു നീങ്ങിയാലേ യഥാർഥ വിജയം സാധ്യമാകൂവെന്നു കണ്ണൂർ ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ. അറിവും കഴിവും എത്രയുണ്ടായാലും ലക്ഷ്യം കൈവരിക്കാനുള്ള മനോഭാവമില്ലെങ്കിൽ ഒരിക്കലും വിജയമുണ്ടാകില്ല. കാലത്തിനൊത്തു മനോഭാവത്തിൽ മാറ്റംവരുത്തി കഴിവുകൾ വികസിപ്പിക്കാൻ ഓരോരുത്തരും ശ്രമിക്കണമെന്നും ബിഷപ് പറഞ്ഞു. കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ രൂപതാതല സമുദായ ദിനാഘോഷത്തിന്റെ പൊതുസമ്മേളനം ബർണശേരി ഹോളിട്രിനിറ്റി കത്തീഡ്രൽ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. തന്റെ ലക്ഷ്യം എന്താണെന്ന കാര്യത്തിൽ ഓരോ വ്യക്തിയും ആദ്യം തന്നെ തീരുമാനമെടുക്കണം. ലക്ഷ്യത്തിലെത്താനുള്ള മനോഭാവത്തോടു കൂടി ആദ്യഘട്ടം മുതലേ കഠിനപരിശ്രമം നടത്തണം. ഇത് ഒരിക്കലും പാഴാകില്ലെന്നും ബിഷപ് കൂട്ടിച്ചേർത്തു.

## ക്രിസ്തീയ മൂല്യങ്ങൾക്ക് സാക്ഷ്യം നൽകുവാൻ യുവജനങ്ങൾ തയാറാകണം: മാർ പോളി കണ്ണൂക്കാടൻ



ക്രിസ്തീയ മൂല്യങ്ങൾക്ക് സാക്ഷ്യം നൽകുവാൻ യുവജനങ്ങൾ തയാറാകണമെന്ന് ബിഷപ് മാർ പോളി കണ്ണൂക്കാടൻ അഭിപ്രായപ്പെട്ടു. രൂപത മതബോധന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സെന്റ് ജോസഫ്സ് കോളജിൽ രൂപതയിലെ മതബോധന പ്ലസ്ടു വിദ്യാർഥികൾക്കായി സംഘടിപ്പിച്ച കൺവൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്.

## ദൈവവചനം മനസുകളെ രൂപാന്തരപ്പെടുത്തണം: മാർ ജോസഫ് പവ്വത്തിൽ



ദൈവവചനം മനസുകളെ രൂപാന്തരപ്പെടുത്തണമെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. ഫാ. സേവ്യർ ഖാൻ വട്ടായിൽ നയിക്കുന്ന നാലാമത് കുറുമ്പനാടം ബൈബിൾ കൺവൻഷൻ അഭിഷേകാഗ്നി സെന്റ് ആന്റണീസ് ഫൊറോനാ പള്ളി മൈതാനിയിൽ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്. യഥാർഥ വചനമായ യേശുവിനെ അറിയാനും സ്നേഹിക്കാനും ഇതനുസരിച്ച് ജീവിക്കാനും നമുക്ക് കഴിയണം. വചനത്തിലൂടെ മാനസാന്തരത്തിന്റെയും പശ്ചാത്താപത്തിന്റെയും ഫലങ്ങൾ നാം നേടണമെന്നും മാർ പവ്വത്തിൽ ഉദ്ബോധിപ്പിച്ചു. ഈശോ ലോകാവസാനം വരെ സഭയിലൂടെ നമ്മോടൊത്തു വസിക്കുന്നുവെന്ന ബോധ്യമാണ് നമുക്കുണ്ടാകേണ്ടത്. സുവിശേഷത്തിന്റെ സന്ദേശം അറിയിക്കാനുള്ള ദൗത്യവും കൂദാശകൾ പകർന്നു നൽകാനുള്ള രക്ഷാരദൗത്യവും നിർവഹിക്കുന്നത് സഭയിലൂടെയാണ്. മിശിഹാ ശിരസായുള്ള സഭയുടെ കൂട്ടായ്മയിലും ആരാധനയിലും കേന്ദ്രീകൃതമായ ജീവിതമാണ് ക്രൈസ്തവർ അനുവർത്തിക്കേണ്ടത്. ഇതിനുള്ള ബോധനമാണ് ബൈബിൾ കൺവൻഷനുകളിൽ നൽകുന്നതെന്നും മാർ പവ്വത്തിൽ കൂട്ടിച്ചേർത്തു. വിശുദ്ധ ഗ്രന്ഥം തെറ്റും കുറവും കൂടാതെ ആധികാരികമായി പഠിപ്പിക്കാനും വ്യാഖ്യാനിക്കാനുമുള്ള അധികാരം ശിഷ്യന്മാരിലൂടെ സഭക്കാണ് ലഭ്യമായിരിക്കുന്നത്. ഈശോയാകുന്ന സത്യവചനമാണ് സഭ പഠിപ്പിക്കുന്നത്. ദൈവത്തോട് ചേർന്ന് നില്ക്കുന്നവർക്ക് സഹനം ഉണ്ടാകില്ലെന്ന മിഥ്യാ ധാരണകളുണ്ട് എന്നാൽ ദൈവത്തോട് ചേർന്ന് നിന്ന് ശുശ്രൂഷ ചെയ്യുന്നവന് ഈശോ അനുഭവിച്ചതു പോലെയുള്ള പീഡനങ്ങളും ദുഖങ്ങളും സഹനങ്ങളും അനുഭവിക്കേണ്ടിവരുമെന്നും മാർ പവ്വത്തിൽ ചൂണ്ടിക്കാട്ടി.

## സഭകളുടെ ഐക്യം എല്ലാ സഭാമക്കളുടെയും ആഗ്രഹം: മാർ ജോർജ് ആലഞ്ചേരി



സഭകളുടെ ഐക്യം എല്ലാ സഭാമക്കളും മറ്റുള്ളവരും ആഗ്രഹിക്കുന്നതാണെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. ചിന്തകളിലും പ്രവർത്തനങ്ങളിലും ഐക്യമുണ്ടാകാൻ എല്ലാ ക്രൈസ്തവ സഭകളും പരിശ്രമിക്കണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. പിഒസിയിൽ ഇന്നലെ നടന്ന ക്രൈസ്തവ മെത്രാന്മാരുടെ സംയുക്ത സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. സഭകൾ തമ്മിൽ ഐക്യം വർധിക്കുമ്പോൾ ഒന്നും നഷ്ടപ്പെടുകയല്ല, കൂടുതലായി ദൈവാനുഗ്രഹമുണ്ടാവുകയാണു ചെയ്യുന്നത്. സഭൈക്യ രംഗത്ത് ഇന്റർ ചർച്ച് കൗൺസിൽ നടത്തിയിട്ടുള്ള ശ്രമങ്ങൾ ഫലം കണ്ടിരുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ഒന്നാകേണ്ടവരാണ്. ഐക്യത്തിന്റെ പ്രതീകമാണു ക്രിസ്തു സ്ഥാപിച്ച സഭയെന്നും അദ്ദേഹം പറഞ്ഞു.

## റവ.ഡോ.സ്റ്റീഫൻ ആലത്തറ കെസിബിസി ഡെപ്യൂട്ടി സെക്രട്ടറിയായി തുടരും



കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ.ഡോ.സ്റ്റീഫൻ ആലത്തറയുടെ സേവനകാലാവധി മൂന്നുവർഷത്തേക്കു കൂടി നീട്ടി നല്കാൻ കെസിബിസി യോഗം തീരുമാനിച്ചു. ഇതു രണ്ടാം തവണയാണു കാലാവധി നീട്ടിനല്കുന്നത്. കെസിബിസിയുടെ ഔദ്യോഗിക വക്താവ്, പിഒസി ഡയറക്ടർ, കേരള കാത്തിലിക് കൗൺസിലിന്റെ ജനറൽ സെക്രട്ടറി എന്നീ സ്ഥാനങ്ങളിലും അദ്ദേഹം തുടരും. സ്റ്റീഫൻഅച്ചന് എല്ലാവിധ മംഗളങ്ങളും നേരുന്നു.

## ജാഗ്രതാ വാർത്ത

### ധാന്യങ്ങൾ അർബുദം അകറ്റും

വൻകുടലിന്റെ അവസാന ഭാഗ ത്തെ ബാധിക്കുന്ന അർബുദമാണ് കോളോറെക്ടൽ കാൻസർ. മലാശയത്തെ ബാധിക്കുന്ന ഈ അർബുദം സർവസാധാരണമാണ്. നമ്മൾ ജീവിക്കുന്ന ചുറ്റുപാടും കഴിക്കുന്ന ഭക്ഷണവുമാണ് രോഗം വരാനുള്ള ചില കാരണങ്ങൾ. ഈ അർബുദം കുറച്ചുമാത്രം കാണപ്പെടുന്ന സ്ഥലത്തുനിന്ന് ആളുകൾ ഇത് സർവസാധാരണമായ സ്ഥലത്തേക്ക് മാറിതാമസിക്കുകയും അവരുടെ ഭക്ഷണവും ജീവിതരീതിയും സ്വീകരിക്കുന്നതു വഴി ഇവർക്കും അർബുദം വരും എന്നതിന് തെളിവുകളുണ്ട്.

ഭക്ഷണം പ്രധാനമായും റെഡ് മീറ്റ്, സംസ്കരിച്ച മാംസം, മദ്യം എന്നിവയ്ക്ക് കോളോറെക്ടൽ കാൻസറുമായി ബന്ധമുണ്ട്. എന്നാൽ നാരുകൾ ധാരാളമടങ്ങിയ ഭക്ഷണം ഈ അർബുദ സാധ്യതയെ കുറയ്ക്കുന്നു.
നാരുകൾ അടങ്ങിയ ഭക്ഷണം കഴിച്ചാൽ ഇവ ഡൈജസ്റ്റീവ് ട്രാക്റ്റിൽ വച്ച് അർബുദമുണ്ടാകാൻ സാധ്യതയുള്ള വസ്തുക്കളെ അലിയിച്ച് വിസർജ്യത്തിലൂടെ പുറന്തള്ളുന്നു. ഭക്ഷണത്തിലടങ്ങിയ നാരുകൾ ഫാറ്റി ആസിഡുകളായി മാറുന്നു. ഇത് വൻകുടലിലെ അർബുദം വരാതെ സംരക്ഷിക്കുന്നു.

മുൻപ് പ്രസിദ്ധീകരിച്ച 21 പഠനങ്ങൾ വിശകലനം നടത്തി അർബുദം തടയുന്നത് ഭക്ഷണത്തിലടങ്ങിയ നാരുകളും ധാന്യങ്ങളും സഹായിക്കുന്നതായി 14500 ലധികം കേസുകൾ തെളിയിക്കുന്നു. നാരുകളടങ്ങിയ ഭക്ഷണവും ധാന്യങ്ങളിലടങ്ങിയ നാരുകളും ഓരോ 10 ഗ്രാം വീതം കഴിക്കുന്നതിലൂടെ കോളോറെക്ടൽ കാൻസറിനുള്ള സാധ്യത 10 ശതമാനം കുറവാണെന്നു കണ്ടു. ധാന്യങ്ങൾ ദിവസവും 3 തവണ, അതായത് ദിവസം 90 ഗ്രാം കഴിക്കുന്നത് അർബുദ സാധ്യതയെ 20 ശതമാനം കുറയ്ക്കുമെന്നും കണ്ടു. ഇതിലുമധികം ധാന്യങ്ങൾ കഴിക്കുന്നതിലൂടെ അർബുദ സാധ്യത കൂടുതൽ കുറയും എന്നും തെളിഞ്ഞു. പഴങ്ങൾ, പച്ചക്കറികൾ മുതലായവയിലടങ്ങിയ നാരുകൾ ഇതേ പ്രയോജനം ചെയ്യുമോ എന്നു തെളിഞ്ഞില്ല. നാരുകളടങ്ങിയ ഭക്ഷണവും ധാന്യങ്ങളും കോളോറെക്ടൽ കാൻസറിനുള്ള സാധ്യതയെ കുറയ്ക്കുന്നതായി ഈ പഠനത്തിൽ തെളിഞ്ഞു. കൂടാതെ ഹൃദ്രോഗം, പ്രമേഹം, പൊണ്ണത്തടി മുതലായവയെ കുറയ്ക്കാനും ഈ ഭക്ഷണത്തിനു കഴിയും. അതുകൊണ്ട് നിങ്ങൾ ദിവസവും ഭക്ഷണത്തിൽ ധാന്യങ്ങൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ.

## ആവിലായിലെ വിശുദ്ധ അമ്മത്രേസ്യാ

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

1515 മാർച്ച് 28 ന് സ്പയെനിലെ ആവിലാ എന്ന പട്ടണത്തിൽ ഒരു കുലീന കുടുംബത്തിലാണ് തെരേസ ജനിച്ചത്. 1582 ഒകാടോബർ നാലിന് ആൽബാ ദെ തോർമസിലെ മിണ്ടാമഠത്തിൽവച്ച് മരിച്ചു. 67 വർഷം നീണ്ട വിശുദ്ധിയുടെ ജീവിതം സംഭവബഹുലമായിരുന്നു.

ഒരിക്കലും കന്യസ്ത്രീയാകാൻ ആഗ്രഹിക്കാത്ത ത്രേസ്യ 21-മത്തെ വയസ്സിൽ 1536 ൽ ആവിലായിൽ തന്നെയുള്ള ഇൻകാർണേഷൻ മഠത്തിൽ നോവിസായി ചേർന്നു; 1537 ൽ ഇരുപത്തിരണ്ടാമത്തെ വയസ്സിൽ നിത്യവ്രതവാഗ്ദാനവും നടത്തി.

സഭയെ നവീകരിക്കാൻ ഇറങ്ങിത്തരിച്ച ത്രേസ്യായെ അതിനുമുൻപായി ദൈവം നവീകരിച്ചു. ദൈവം അവളെ തന്റെ തിരഞ്ഞെടുക്കപ്പെട്ട ഒരുപകരണമാക്കി മാറ്റി. 130 കന്യാസ്ത്രീകളുണ്ടായിരുന്ന ഇൻകാർണേഷൻ മഠത്തിലെ വേണ്ടത്ര നിഷ്ഠയില്ലാത്ത ജീവിതത്തിൽനിന്നും വ്യത്യസ്തമായി കർമലസഭയുടെ ആദിമ നിയമാവലിയനുസരിച്ചുള്ള കർക്കശമായ ഒരു സന്യാസജീവിതം.. അതായിരുന്നു അവളുടെ ആഗ്രഹവും പ്രാർത്ഥനയും. സഭാധികാരികളുടെ അനുവാദത്തോടെ അതേ പട്ടണത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ 1562 ൽ ഒരു പുതിയ മഠം (ആദ്യത്തെ മിണ്ടാമഠം) അവൾ സ്ഥാപിച്ചു. സഭയുടെ രണ്ടാമത്തെ മഠം (1567) മെദീനാ ദെൽ കാമ്പോ എന്ന സ്ഥലത്ത് ഒരുക്കുന്നതിനായി ത്രേസ്യാ തന്നെ പോയി. ഒന്നിനു പുറമേ ഒന്നായി സ്പെയിനിന്റെ പല ഭാഗങ്ങളിലായി പതിനേഴു മഠങ്ങൾ അവൾ നേരിട്ടു സ്ഥാപിച്ചു. വേറെയും ഏതാനും മഠങ്ങൾക്കുള്ള പദ്ധതികൾ അവൽ തയാറാക്കി. ഇതിനുവേണ്ടി അവൾ നടത്തിയ സുദീർഘവും ദുരിതപൂർണവുമായ നിരവധി യാത്രകൾ, നേരിടേണ്ടിവന്ന പ്രതിബന്ധങ്ങൾ, കഷ്ടപ്പാടുകൾ... എല്ലാം "മഠസ്ഥാപന ചരിതം'' എന്ന പുസ്തകത്തിലുണ്ട്.

നവീകൃത കർമലസഭയിലെ തന്റെ സഹോദരികളുടെ ആഗ്രഹനുസാരം എഴുതിയതാണ് "സുകൃതസരണി'' എന്ന രണ്ടാമത്തെ പുസ്തകം സ്വർഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന വളരെ ലളിതമായി വ്യാഖ്യാനിച്ചുകൊണ്ടാണു മാനസിക പ്രാർത്ഥന അവൾ പഠിപ്പിക്കുന്നത്.

"ആഭ്യന്തരഹർമ്യം '' എന്ന മൂന്നാമത്തെ പുസ്തകമാണ് വിശുദ്ധ ത്രേസ്യാ എഴുതിയ പുസ്തകങ്ങളിൽ മാസ്റ്റർപീസ്! പ്രാർത്ഥനയെക്കറിച്ചും ദൈവസായുജ്യത്തെക്കുറിച്ചുമുള്ള പഠനങ്ങൾ മറ്റു പണ്ഡിതരുടെ ഏതെങ്കിലും പുസ്തകങ്ങളിൽ നിന്നല്ല; സ്വന്തം അനുഭവത്തിൽ നിന്നാണ് എഴുതിയത്. അഞ്ച് വലിയ ഗ്രന്ഥങ്ങളും ഏഴ് ലഘുഗ്രന്ഥങ്ങളും അമ്മത്രേസ്യാ എഴുതിയിട്ടുണ്ട്. "ക്രൈസ്തവ സിസറോ '' എന്നറിയപ്പെടുന്ന ബോസ്വേ (1677-1704) അവളുടെ ഗ്രന്ഥങ്ങളുടെ മൂല്യം മനസ്സിലാക്കി സ്ത്രീ ലോകത്തിലെ ഏറ്റവും വലിയ എഴുത്തുകാരി എന്നാണ് അവളെ വിളിച്ചത്. നവീകൃത കർമലസഭയുടെ നിരവധി ഭവനങ്ങൾ നിർമിക്കുക എന്നതിനെക്കാൾ ലോകമെമ്പാടും അനേകായിരങ്ങൾക്ക് ഇന്നും പ്രാർത്ഥന ജീവിക്കേണ്ടതെങ്ങനെയെന്ന് പഠിപ്പിക്കുക എന്നതായിരുന്നു ദൈവം നിയോഗിച്ച അവളുടെ പ്രാധാന ദൗത്യമെന്ന്. വിയന്നായിലെ വിശുദ്ധ കത്രീനായോടൊപ്പം (1970 സെപ്തംബർ 27 ന്) അവളെ തിരുസഭയിലെ "വേദപരാംഗത'' സ്ഥാനത്തേക്ക് ഉയർത്തി.

# വാരാന്ത്യവീക്ഷണം

## മദ്ധ്യപൂർവ്വദേശങ്ങളിലെ ക്രൈസ്തവർ ഉന്മൂലനം ചെയ്യപ്പെടുമ്പോൾ

---

മതവിശ്വാസവുമായി ഏറെയൊന്നും ബന്ധമില്ലാത്ത ചില മതവിശ്വാസികളുടെ ആചാരപരമായ വസ്ത്രധാരണത്തിനെതിരെ ചില രാജ്യങ്ങൾ നിലപാടുകൾ എടുക്കാറുണ്ട്. ആഭ്യന്തരസുരക്ഷയും ക്രമസമാധാനപാലനവും മുൻനിർത്തിയാണ് ഈ നിലപാടുകൾ സ്വീകരിക്കുന്നതെന്നു ഈ രാഷ്ട്രങ്ങൾ വിശദീകരിക്കുന്നു. എന്നാൽ ഇക്കാര്യം വമ്പിച്ചതോതിൽ മാധ്യമശ്രദ്ധയിൽ വരുകയും പ്രതികരണങ്ങൾ ശക്തവും രക്തരൂക്ഷിതമാവുകയുമൊക്കെ ചെയ്യാറുണ്ട്. എന്നാൽ കേവലം മത വിശ്വാസത്തിന്റെ പേരിൽ വിവേചനം അനുഭവിക്കുന്നവരുടെ, സ്വന്തം രാജ്യത്ത് രണ്ടാംകിട പൗരന്മാരായി കഴിയേണ്ടിവരുന്നവരുടെ വാർത്തകൾ മാധ്യമങ്ങളിൽ കാണാറേയില്ല. അവർക്കുവേണ്ടി ആരും പ്രകടനങ്ങൾ നടത്തിയും കണ്ടിട്ടില്ല.

മധ്യപൂർവ്വദേശങ്ങളായ ഈജിപ്ത്, ഇറാൻ, ഇറാക്ക്, സിറിയ, ജോർദാൻ തുടങ്ങിയ രാജ്യങ്ങളിൽ അവിടത്തുകാരായ പരമ്പരാഗത ക്രിസ്ത്യാനികൾ അനുഭവിക്കുന്ന അനുഭവിച്ച പീഡനങ്ങളും ഉന്മൂലനം ചെയ്യലും അധികമാരും ശ്രദ്ധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. പ്രത്യേകിച്ചും ഇന്ത്യയിലെ മാധ്യമങ്ങളിൽ ഈ വാർത്തകളൊന്നും തന്നെ കാണാനുമില്ല. അറബിവസന്തത്തെ ആഘോഷിക്കുമ്പോഴും അതിഭീകരമായ അവസ്ഥയിൽ കഴിയുന്ന, ക്രിസ്തീയതയോടും തന്നെ പഴക്കമുള്ള അവിടത്തെ ക്രസ്തീയ വിശ്വാസികൾ ഈ ക്രിസ്തുമസ്സ് കാലത്തെങ്കിലും എല്ലാവരുടേയും മനസ്സിലും പ്രാർത്ഥനയിലും ഉണ്ടാകണമെന്നു തോന്നുന്നു.

ആദ്യ നൂറ്റാണ്ടിൽത്തന്നെ ക്രിസ്തീയ വിശ്വാസം അന്ത്യോക്യയിലും പേർഷ്യയിലും എത്തിയിരുന്നു. പത്രോസു ശ്ലീഹാ തന്നെയാണല്ലോ അന്ത്യോക്യയിൽ സുവിശേഷം പ്രഘോഷിച്ചത്. പേർഷ്യയിലാകട്ടെ തോമാശ്ലീഹായും ശിഷ്യന്മാരും ആണെന്നാണു പരമ്പരാഗതവിശ്വാസം. ആദ്യ സഹസ്രാബ്ദത്തിലെ പ്രബലസഭകളായിരുന്നു അന്ത്യോക്യൻ സഭയും പേർഷ്യൻസഭയും. അതായത് പാശ്ചാത്യ സുറിയാനിസഭയും പൗരസ്ത്യ സുറിയാനിസഭയും. എന്നാൽ ഇന്ന് ഈ രാജ്യങ്ങളിൽ നൂറ്റാണ്ടുകളിലൂടെ നടന്ന മത പീഡനത്തിന്റെയും ഉന്മൂലനം ചെയ്യലിന്റെയും ഫലമായി ക്രൈസ്തവ സമ്മേളനം ചെറിയ ഒരു സമൂഹമായി രൂപാന്തരപ്പെട്ടു. ഇപ്പോഴും മതപീഡനം കാരണം രാജ്യം വിടാനോ നശിപ്പിക്കപ്പെടാനോ ഉള്ള സാഹചര്യത്തിലാണ് അവിടെയുള്ള അവിടത്തുകാർ മാത്രമായ ക്രൈസ്തവരുടെ നില.

വസത്രധാരണത്തിന്റെ പേരിൽ തങ്ങളുടെ വിശ്വാസികൾ വിവേചനം അനുഭവിക്കുന്നു എന്ന് ചിലർ പ്രഘോഷിക്കുകയും മാധ്യമങ്ങളിൽ വാർത്തകൾ നിറ്ക്കുകയും ചെയ്യുമ്പോൾ സ്വന്തം ദേശത്ത് തങ്ങളുടെ പരമ്പരാഗത വിശ്വാസം കൊണ്ടു മാത്രം പീഡിപ്പിക്കപ്പെടുന്നവരെയും. രണ്ടാംതര പൗരന്മാരായ് ഈ രാജ്യങ്ങളിൽ കഴിയേണ്ടിവരുന്നവരെയും കൂടുതൽ നികുതി നൽകി മദ്ധ്യപൂർവ്വ ദേശങ്ങളിലെ ക്രൈസ്തവരുടെ സ്ഥിതി മറന്നു പോകുന്നതു ഖേദകരമാണ്.

ഫാ.ഫിലിപ്പ് നെല്പൂരപറമ്പിൽ

**“Jagratha News”** - An internet news service is free and for private circulatio
**Web:** www.kcbcsocialharmony.org **Blog:** jagrathakcbc.blogspot.com
**Designed and Edited by** , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA